**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 74** **02-02-2026 - ൽ മറുപടിയ്ക്ക്**

**മത്സ്യമേഖലയിലെ ക്ഷേമ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ.വി.സുമേഷ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മത്സ്യമേഖലയിൽ സർക്കാർ നടത്തിവരുന്ന ഇടപെടലുകൾ പ്രസ്തുത മേഖലയിലെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തൊഴിലിടങ്ങളിൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഇടയായിട്ടുണ്ടെന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാനത്തിന്റെ മത്സ്യമേഖലയിൽ സർക്കാർ നടപ്പിലാക്കി വരുന്ന വിവിധ ഇടപെടലുകൾ മത്സ്യത്തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തൊഴിൽ ഇടങ്ങളിൽ കൂടുതൽ സുരക്ഷയും സൗകര്യങ്ങളും ഉറപ്പാക്കുന്നതിനും എത്രമാത്രം സഹായകമാകുന്നുണ്ട് എന്നതിനെക്കുറിച്ച് സർക്കാർ കാലാകാലങ്ങളിൽ വിലയിരുത്തൽ നടത്തിവരുന്നുണ്ട്. ഫിഷറീസ് വകുപ്പ് മുഖേനയും വിവിധ ഏജൻസികൾ മുഖേനയും നടപ്പാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സമ്പാദ്യ സമാശ്വാസ പദ്ധതി<br><br>2. ഫിഷർമൻ കോളനി പുനർനിർമാണ പദ്ധതി<br><br>3. ഭവന പുനരുദ്ധാരണ പദ്ധതി (2025–26)<br><br>4. വിദ്യാതീരം പദ്ധതി<br><br>5. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി<br><br>6.പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് FRP യാനങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി.<br><br>7. മണ്ണെണ്ണയ്ക്ക് പകരം പെട്രോൾ, LPG തുടങ്ങിയ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ അനുവദിക്കുന്ന പദ്ധതി<br><br>8. മത്സ്യബന്ധന യാനങ്ങളുടെ ആധുനികവൽക്കരണം |

9. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷുറൻസ് കവറേജ്.

10. പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് കടൽ സുരക്ഷാ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി

11. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്ന പദ്ധതി.

12. മത്സ്യത്തൊഴിലാളികൾക്ക് സ്ക്വയർ മെഷ് കോഡ് എൻഡ് വിതരണം ചെയ്യുന്ന പദ്ധതി

13. കടലിൽ കൃത്രിമപ്പാര് സ്ഥാപിക്കുന്ന പദ്ധതി

14. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിന് സീ റാഞ്ചിംഗ് പദ്ധതി

15. കടൽ രക്ഷാപ്രവർത്തനങ്ങൾക്കായി മറൈൻ ആമ്പുലൻസുകൾ

16. കടൽ സുരക്ഷയുടെ ഭാഗമായി ഹാർബറുകളിൽ CCTV ക്യാമറകളും LED ബോർഡുകളും

17. കടൽ രക്ഷാപ്രവർത്തനത്തിന് 'സീറെസ്ക്യൂ സ്ക്വാഡുകൾ'

18. നാല് പുതിയ ഫിഷറീസ് സ്റ്റേഷനുകളും ഫിഷറീസ് സ്റ്റേഷനുകളുടെ ആധുനീക വൽക്കരണവും

19.ട്രോൾ വലകളിൽ TED (Turtle Excluder Device) വിതരണം ചെയ്യുന്ന പദ്ധതി

**കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ**

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ക്ഷേമനിധി ബോർഡ് അംഗങ്ങൾക്കായി 14 പുതിയ പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുകയും 3 പദ്ധതികളുടെ ധനസഹായ നിരക്ക് വർദ്ധിപ്പിക്കുകയും, മത്സ്യത്തൊഴിലാളികൾക്ക് മാത്രം ലഭിച്ചിരുന്ന 6 പദ്ധതികൾ അനുബന്ധത്തൊഴിലാളികൾക്കുകൂടി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾ വളരെ കാലമായി ആവശ്യപ്പെട്ടിരുന്ന വിരമിക്കൽ ആനുകൂല്യം നൽകുന്ന പദ്ധതി കൂടി നടപ്പിലാക്കി.

2025-26 വർഷത്തിൽ (31.12.2025 വരെ) സർക്കാർ ധനസഹായ പദ്ധതികളിൽ 63638 ഗുണഭോക്താക്കൾക്ക് 130.19 കോടി രൂപയുടെ ആനുകൂല്യങ്ങളും ബോർഡിന്റെ തനത് പദ്ധതികളിൽ 4047 ഗുണഭോക്താക്കൾക്ക് 5.75 കോടി രൂപയുടെ

ആനുകൂല്യങ്ങളും മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് നടപ്പിലാക്കിയിട്ടുണ്ട്.

**സാഫ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ**

മത്സ്യമേഖലയിലെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തൊഴിലിടങ്ങളിൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിനും സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന മത്സ്യത്തൊഴിലാളി വനിതകൾക്കായി പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

മത്സ്യമേഖലയിലെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി മത്സ്യത്തൊഴിലാളി വനിതകൾക്ക് ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസന പദ്ധതി നടപ്പിലാക്കി. ഈ പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിനായി ഒരു ഗുണഭോക്താവിന് ഒരു ലക്ഷം രൂപ വരെ ധനസഹായം നൽകിവരുന്നു. സാഫ് ധനസഹായത്തോടെ ആരംഭിക്കുന്ന സംരംഭങ്ങൾ നല്ല നിലയിൽ നടത്തുന്നതിന് ആവശ്യമായ സാങ്കേതിക സഹായങ്ങളും, വിപണന സംവിധാനങ്ങളും കൂടെ നിന്നുള്ള പിന്തുണയും തുടർച്ചയായി നൽകുന്നു.

**മത്സ്യമേഖലയിലെ ജീവിതസാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തൊഴിലിടങ്ങളിൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിനും നടപ്പിലാക്കിയ പദ്ധതികൾ താഴെ ചേർക്കുന്നു.**

1. ചെറുകിട തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള ധനസഹായം

2. വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് ധനസഹായം

3. ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെ.എൽ.ജി.) കൾക്ക് പലിശരഹിത വായ്പ

4. ഒരു കുടുംബം ഒരു ജോലി പദ്ധതി

5. ടെക്നോളജി ഇംപ്രൂവ്മെന്റിനുള്ള പദ്ധതി

6. കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാമുകൾ

7. സീ ഫുഡ് റസ്റ്റോറന്റ് പദ്ധതി

8. ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ് വെന്റിംഗ് കിയോസ്ക്

9. തീരമാവേലി പദ്ധതി

10.ഗ്രാജ്ജുവേറ്റിംഗ് ആക്ടിവിറ്റി ഗ്രൂപ്പ്സ് ടു ബിസിനസ്സ് ഗ്രൂപ്പ്സ് (പലിശ സബ്സിഡി)

11. കമ്മ്യൂണിറ്റി വെൽനെസ്സ് ഇന്റർവെൻഷൻ

12. ബ്രാന്റിംഗ് & മാർക്കറ്റിംഗ് പദ്ധതി

**<u>മത്സ്യഫെഡ് വഴിയുള്ള പദ്ധതികൾ</u>**

1984 മാർച്ച് 19-ൽ രൂപീകൃതമായ മത്സ്യഫെഡ് മത്സ്യത്തൊഴിലാളി മേഖലയിൽ മത്സ്യോത്പാദനം, മത്സ്യ സംഭരണം, മത്സ്യ സംസ്കരണം, മത്സ്യ വിപണനം എന്നീ മേഖലകളിൽ ഊന്നി നിരവധി പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. മത്സ്യത്തൊഴിലാളികളുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നമനത്തിനു വേണ്ടി മത്സ്യലേല സമ്പ്രദായം നടപ്പിലാക്കുക വഴി മത്സ്യത്തൊഴിലാളികൾക്ക് വരുമാനം ലഭ്യമാക്കുന്നതിനും, ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും അവരെ മോചിതരാക്കുന്നതിനും മത്സ്യഫെഡിന് സാധിച്ചിട്ടുണ്ട്.

ഇപ്പോൾ പ്രതിവർഷം 100 മുതൽ 120 കോടി വരെ വായ്പയായി മത്സ്യഫെഡ് വിതരണം ചെയ്യുന്നുണ്ട്. സംസ്ഥാന സർക്കാർ സഹായത്തോടെ മത്സ്യബന്ധന എഞ്ചിനുകൾക്കും വലയ്ക്കും സബ്സിഡി, മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി, മൈക്രോഫിനാൻസ്, മത്സ്യകച്ചവട വായ്പ, മരണമടയുകയോ ഗുരുതര രോഗം ബാധിക്കുകയോ ചെയ്യുന്ന ഗുണഭോക്താക്കളുടെ വായ്പ എഴുതി തള്ളൽ, മത്സ്യബന്ധന ഉപകരണ വായ്പയുടെ പലിശയും പിഴപ്പലിശയും ഒഴിവാക്കി മുതൽ മാത്രം അടച്ച് വായ്പാ ബാധ്യത ഒഴിവാകുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിവ മത്സ്യഫെഡ് നടപ്പിലാക്കുന്ന പദ്ധതികളാണ്.

**<u>പുനർഗേഹം പദ്ധതി</u>**

തീരദേശത്ത് മത്സ്യമേഖലയിലെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മൽസ്യതൊഴിലാളികളുൾപ്പെടെ മുഴുവൻ ജനവിഭാഗങ്ങളേയും സുരക്ഷിത മേഖലയിൽ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി 2019-20 മുതൽ നടപ്പിലാക്കി വരുന്നു.

**മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ (KSFDRC) മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

മത്സ്യത്തൊഴിലാളികൾ വിവിധ ആവശ്യങ്ങൾക്കായി 31/12/2008 വരെ എടുത്ത വായ്പകൾക്ക് കടാശ്വാസം ശിപാർശ ചെയ്യുക എന്നതാണ് നിലവിൽ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ നടപ്പാക്കി വരുന്നത്.

**കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC) മുഖേന നടപ്പിലാക്കിയ പദ്ധതികൾ**

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനമൊട്ടാകെ നടപ്പിലാക്കിവരുന്ന മത്സ്യ മാർക്കറ്റുകളിൽ ശുചിയായ അന്തരീക്ഷത്തിൽ അത്യാധുനിക സൗകര്യങ്ങളോടെ മത്സ്യ വിപണനം ചെയ്യുന്നതിനുള്ള സൗകര്യങ്ങളും, തീരദേശത്തെ ആരോഗ്യ സംരക്ഷണത്തിന് ആശുപത്രികൾ, ഫാമിലി ഹെൽത്ത് സെന്ററുകൾ, കമ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നിവിടങ്ങളിൽ അത്യാധുനിക സൗകര്യങ്ങളോടെ IP/OP കെട്ടിടങ്ങൾ, ആധുനിക ഡയാലിസിസ് സൗകര്യങ്ങൾ, മറ്റ ആശുപത്രി അനുബന്ധ സൗകര്യങ്ങൾ എന്നിവയും, മത്സ്യബന്ധന മേഖലയിലെ കുട്ടികൾക്ക് മികച്ച വിദ്യാഭ്യാസം ലഭ്യമാകുന്നതിന് തീരദേശ ജില്ലകളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അത്യാധുനിക അക്കാഡമിക് ബ്ലോക്കുകൾ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കുകൾ, മികച്ച ലാബ് സൗകര്യം, ലൈബ്രറി സൗകര്യം, ഹോസ്റ്റൽ സൗകര്യം, കിച്ചൻ, ടോയ്‌ലറ്റ് സൗകര്യങ്ങൾ എന്നിവയും സ്ഥാപിച്ചുവരുന്നു.

**ഓഖി പുനരധിവാസ പദ്ധതികൾ**

2017 നവംബർ 29, 30 തീയതികളിൽ ഉണ്ടായ ഓഖി ചുഴലിക്കാറ്റിനെ തുടർന്നുള്ള കടൽ ക്ഷോഭത്തിൽ 52 മത്സ്യത്തൊഴിലാളികൾ മരണപ്പെടുകയും 91 പേരെ കാണാതാകുകയും ചെയ്തിരുന്നു. കൂടാതെ പാർപ്പിട സൗകര്യങ്ങളും മത്സ്യബന്ധനോപകരണങ്ങളും മത്സ്യത്തൊഴിലാളികൾക്ക് നഷ്ടമാകുകയും ഇവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ നിരവധി പദ്ധതികൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ (ഓഖി ഫണ്ടിൽ) നിന്നുള്ള തുക വിനിയോഗിച്ച് നടപ്പിലാക്കി. ഇതിനായി ഫിഷറീസ് വകുപ്പിന് നാളിതുവരെയായി 76.22 കോടി രൂപ ലഭ്യമാകുകയും 52.0935 കോടി രൂപ

ചെലവഴിക്കുകയും ചെയ്തു. മരിച്ചതും കാണാതായതുമായ 143 മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് സർക്കാർ 20 ലക്ഷം രൂപ വീതം അനുവദിച്ച് നൽകി. കൂടാതെ 1,13,923 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2,000/- രൂപ വച്ച് അടിയന്തിര ധനസഹായം, മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പരിക്കേറ്റ 219 മത്സ്യത്തൊഴിലാളികൾക്ക് അടിയന്തിര ചികിത്സ ധനസഹായമായി 10,68,000/- രൂപ എന്നിവയും നൽകിയിട്ടുണ്ട്.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ദുരന്തത്തിനിരയായ വിഭാഗത്തിനു സമാശ്വാസമേകണമെന്ന ഉദ്ദേശ ലക്ഷ്യത്തോട് കൂടി മത്സ്യത്തൊഴിലാളി യുവാക്കളിൽ നിന്നും 178 പേരെ കോസ്റ്റൽ പോലീസ് സ്റ്റേഷനുകളിൽ ഗാർഡുമാരായി നിയമിച്ചു. പൂർണ്ണമായും വീട് നഷ്ടപെട്ട മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം 3000/- രൂപ വീതം ജില്ല കളക്ടർ മുഖേന വീട്ടു വാടക നൽകി. ഇതിനായി 26.64 ലക്ഷം രൂപ അനുവദിച്ചു. ഓഖിയിൽ പൂർണ്ണമായും ഭാഗികമായും നശിച്ച മത്സ്യബന്ധനോപകരണങ്ങൾക്ക് 7.38 കോടി രൂപ 485 മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്തു.

ഓഖി ദുരന്ത ബാധിതരുടെ കുടുംബങ്ങളിൽപ്പെട്ട 309 കുട്ടികൾക്ക് അവർക്ക് പരമാവധി വിദ്യാഭ്യാസം ഉറപ്പാക്കാൻ 1392.82 കോടി രൂപ അനുവദിച്ചു.

കടൽ രക്ഷാ പ്രവർത്തനത്തിന് 24 കോടി രൂപാ ചെലവിൽ 3 മറൈൻ ആംബുലൻസുകൾ, 40,000 ലൈഫ് ജാക്കറ്റുകൾ സൗജന്യമായി അനുവദിച്ചു.

മത്സ്യത്തൊഴിലാളി യുവാക്കളിൽ നിന്നും തെരഞ്ഞെടുത്ത 900 പേർക്ക് ഗോവ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർസിൽ പരിശീലനം നൽകി 7.15 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി.

മരണപ്പട്ടവരുടെ ആശ്രിതരിൽ 52 പേർക്ക് വിവിധ ജോലികൾ നൽകി. ബാക്കി 68 പേർക്ക് ജോലി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 7.94 കോടി രൂപ ചെലവഴിച്ച് 120 FRP ബോട്ട് യൂണിറ്റുകൾ പൂർണ്ണമായും സൗജന്യമായി ദുരന്തബാധിതർക്ക് അനുവദിച്ചു.

**അഡാക് മുഖേനയുള്ള പദ്ധതികൾ**

1. റീബിൽഡ് കേരള ഇൻഷ്യേറ്റീവ് (RKI) - Fish Production in cages through Participatory

| | | | |
|---|---|---|---|
| | | | approach with beneficiaries of Scheduled Tribe in Banasura Sagar reservoir<br><br>2. 'Participatory Integrated Fisheries Development in selected Reservoirs of Kerala' Phase - I<br><br>(3)'Participatory Integrated Fisheries Development in selected Reservoirs of Kerala' Phase – II<br><br>**<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേനയുള്ള പദ്ധതികൾ</u>**<br><br>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന 23 ഹാർബറുകൾ നാളിതുവരെ പൂർത്തിയാക്കുകയും 3 എണ്ണം വിവിധ ഘട്ടങ്ങളിലായി നിർമ്മാണം പുരോഗമിച്ചു വരികയുമാണ്. മത്സ്യത്തൊഴിലാളികളുടെ ജീവിതസാഹചര്യം മെച്ചപ്പെടുത്തുന്നതിനും തൊഴിലിടങ്ങളിൽ മെച്ചപ്പെട്ട അന്തരീക്ഷം സൃഷ്ടിക്കുന്നതിനും ഇത് ഇടയാക്കിയിട്ടുണ്ട്. |
| (ബി) | രാജ്യത്തെ മികച്ച മറൈൻ സംസ്ഥാനമായി കേരളവും മികച്ച മറൈൻ ജില്ലയായി കൊല്ലവും തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. സുസ്ഥിര മത്സ്യബന്ധനം, മത്സ്യകൃഷി വളർച്ച, മത്സ്യത്തൊഴിലാളി ക്ഷേമം എന്നിവയ്ക്കുള്ള മികച്ച സംഭാവനകൾ പരിഗണിച്ച് കേന്ദ്ര മത്സ്യബന്ധന മന്ത്രാലയം 2024 നവംബർ 21 ന് നടന്ന ലോക മത്സ്യബന്ധന ദിനാചരണത്തിന്റെ ഭാഗമായി ദേശീയ തലത്തിൽ സമുദ്ര മത്സ്യബന്ധന മേഖലയിലെ മികച്ച മറൈൻ സംസ്ഥാനത്തിനുള്ള അവാർഡിനായി കേരളത്തെയും രാജ്യത്തെ മികച്ച മറൈൻ ജില്ലയായി കേരളത്തിലെ കൊല്ലം ജില്ലയെയും തെരഞ്ഞെടുത്തിട്ടുണ്ട്. ഈ മേഖലയിലെ കേരളത്തിന്റെ മികവിന് ന്യൂഡൽഹിയിൽ വെച്ചാണ് അവാർഡ് സമ്മാനിച്ചത്. കേന്ദ്ര പദ്ധതികളുടെ ഫലപ്രദമായ നടത്തിപ്പ്, ഉൽപാദന വർദ്ധനവ്, മത്സ്യബന്ധന സമൂഹത്തിനായുള്ള നൂതന സംരംഭങ്ങൾ എന്നിവയാണ് കേരളത്തിന്റെ അംഗീകാരത്തിന് കാരണമായത്. |
| (സി) | മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനും മത്സ്യത്തൊഴിലാളികളുടെ ക്ഷേമവികസന പ്രവർത്തനത്തിനും സർക്കാർ നടത്തിവരുന്ന മാതൃകാപരമായ പ്രവർത്തനങ്ങൾ പ്രസ്തുത അംഗീകാരത്തിന് പരിഗണനാ വിഷയമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉണ്ട്. 2021-22 മുതൽ 2023-24 വരെയുള്ള കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ നടപ്പാക്കൽ, സമുദ്ര മത്സ്യബന്ധനത്തിലൂടെയും മത്സ്യകൃഷിയിലൂടെയും മത്സ്യ ചെമ്മീൻ ഉൽപാദനത്തിലും, മത്സ്യ ചെമ്മീൻ വിത്തു ഉൽപാദനത്തിലും നടത്തിയ ഇടപെടലുകൾ, മത്സ്യബന്ധന മേഖലയിൽ തൊഴിലാളികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മത്സ്യസമ്പത്തിന്റെ സംരക്ഷണം, വിപണനം, മത്സ്യ ഇനങ്ങളുടെ വൈവിധ്യവൽക്കരണം, ആഭ്യന്തര മത്സ്യ ഉപഭോഗം വർദ്ധിപ്പിക്കൽ, മത്സ്യകയറ്റുമതി രംഗത്തെ |

| | | | |
|---|---|---|---|
| | | | സംഭാവന, പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കൽ, മത്സ്യത്തൊഴിലാളികളുടെയും മത്സ്യത്തൊഴിലാളി വനിതകളുടെയും ക്ഷേമത്തിനുള്ള പ്രവർത്തനങ്ങൾ, കേന്ദ്ര സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുമായി സഹകരിച്ച് നടപ്പാക്കിയ പ്രവർത്തനങ്ങൾ, നയപരമായ ഇടപെടലുകൾ, നൂതന പദ്ധതികൾ എന്നിവയിൽ നൽകിയ സംഭാവനകളും കൂടാതെ മത്സ്യ മേഖല കേന്ദ്രീകരിച്ചുകൊണ്ടുള്ള ഒരു പ്രധാന കേന്ദ്ര പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) കാര്യക്ഷമമായി നടപ്പിലാക്കാനായതും സംസ്ഥാനത്തിന് അവാർഡ് ലഭിക്കുന്നതിനു മുതൽക്കൂട്ടായി. സംസ്ഥാനത്തെ പ്രകൃത്യാലുള്ള മത്സ്യ വിഭവ സമ്പത്ത് പരിപാലനത്തിനും സംരക്ഷണത്തിനുമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കിവരുന്ന, ട്രോൾ വലകളിൽ സ്ക്വയർ മെഷ്, minimum legal size, KMFRA implementation, artificial reef, sea ranching എന്നീ പദ്ധതികളുടെ വിജയകരമായ നടത്തിപ്പും, മത്സ്യത്തൊഴിലാളികൾക്കായി ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന പുനർഗേഹം, kerosine-LPG conversion, Savings cum Relief scheme, Educational assistance, Fishermen pension, Group accident insurance, Microfinancing through SAF, എന്നീ ക്ഷേമ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ കേരളം കാണിച്ച മാതൃകയുമാണ് സംസ്ഥാനത്തെ അവാർഡിന് അർഹമാക്കിയത്. |
| (ഡി) | സംസ്ഥാനത്ത് ശാസ്ത്രീയ മത്സ്യകൃഷിരീതികൾ നടപ്പിലാക്കിയതിന്റെ ഫലമായി ഉൾനാടൻ മത്സ്യോത്പാദനത്തിലുണ്ടായ വർദ്ധനവ് സംബന്ധിച്ച് വിശദമാക്കാമോ; | (ഡി) | ശാസ്ത്രീയമായ മത്സ്യകൃഷി സമ്പ്രദായങ്ങളിലൂടെയും, മത്സ്യകൃഷി രീതികളിലും ഇനങ്ങളിലുമുള്ള വൈവിധ്യവൽക്കരണത്തിലൂടെയും നിലവിൽ മത്സ്യകൃഷിയിലൂടെയുള്ള മത്സ്യോൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. ശാസ്ത്രീയ മത്സ്യകൃഷി രീതികൾ അവലംബിച്ചതിലൂടെ മത്സ്യകൃഷിയിലൂടെയുള്ള മത്സ്യോല്പാദനം 2020-21 വർഷം 34987 മെട്രിക് ടണ്ണായിരുന്നത് 2024- 25 വർഷം 41175 മെട്രിക് ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. ആയത് ഉൾനാടൻ മത്സ്യോൽപ്പാദനം 2024-25 വർഷം 280187 മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുന്നതിന് ആക്കം കൂട്ടിയിട്ടുണ്ട്.<br><br>മത്സ്യകൃഷിയിലൂടെയുള്ള ഉൽപ്പാദനം വർഷം തിരിച്ച് മെട്രിക് ടണ്ണിൽ അനുബന്ധമായി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഇ) | ജനകീയ മത്സ്യകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ? | (ഇ) | ജനകീയ മത്സ്യകൃഷി 2025-26 പദ്ധതിയ്ക്ക് 6750 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മത്സ്യകൃഷിയിലൂടെ മത്സ്യോല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാന സർക്കാരിന്റെ ജനകീയ മത്സ്യകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നത്. ശാസ്ത്രീയ കൃഷി രീതികൾ അവലംബിച്ച് സുസ്ഥിര മത്സ്യോല്പാദനം ഉറപ്പാക്കുന്നതോടൊപ്പം പരിസ്ഥിതിക്ക് യോജിച്ച പരിപാലനമുറകൾ അവലംബിക്കുന്നതിന് പ്രാധാന്യം നൽകിയിട്ടുണ്ട്. പദ്ധതിയ്ക്കാവശ്യമായ ഗുണമേന്മയുള്ള മത്സ്യ വിത്തുകൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി പുതിയ ഹാച്ചറികൾ സ്ഥാപിക്കുന്നതിനും നിലവിലുള്ള ഹാച്ചറികളിലെ മത്സ്യ വിത്തുല്പാദനം വർദ്ധിപ്പിക്കുന്നതിനായി പ്രവർത്തന ചെലവിനത്തിൽ തുക അനുവദിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതി പ്രകാരം വിവിധ ഘടകങ്ങൾക്കായി മത്സ്യവിത്തുകൾ ലഭ്യമാക്കി ജില്ലകളിൽ സ്റ്റോക്കിംഗ് നടപടികൾ പൂർത്തീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## സമുദ്ര മത്സ്യോൽപ്പാദനം

| ക്രമ നം. | വർഷം | ഉൽപ്പാദനം (മെട്രിക് ടണ്ണിൽ) |
|---|---|---|
| 1 | 2020-21 | 34987 |
| 2 | 2021-22 | 37520 |
| 3 | 2022-23 | 38172 |
| 4 | 2023-24 | 40852 |
| 5 | 2024-25 | 41175 |

## ഉൾനാടൻ മത്സ്യോൽപ്പാദനം

| ക്രമ നം. | വർഷം | ഉൽപ്പാദനം (മെട്രിക് ടണ്ണിൽ) |
|---|---|---|
| 1 | 2020-21 | 224495 |
| 2 | 2021-22 | 225428 |
| 3 | 2022-23 | 229578 |
| 4 | 2023-24 | 251066 |
| 5 | 2024-25 | 280187 |